"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് – നന്ദിയോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1161 (തിരുവനന്തപുരം) ന് ധനസഹായം അനുവദിക്കുന്നതിലേക്കായി ഭണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.58/2026/Co-Op    തീയതി,തിരുവനന്തപുരം, 10-02-2026

---

പരാമർശം:-

1. സ.ഉ.(സാധാ)നം.326/2024/സഹ തീയതി 29/06/2024
2. സഹകരണ സംഘം രജിസ്ട്രാറുടെ 28/07/2025,22/01/2026 എന്നീ തീയതികളിലെ പി&എം..ബി (6) നം. കത്ത്
3. ഇ. അനുമതി നമ്പർ AS/COP/25/48600 Share , AS/COP/25/ 48601 Subsidy

**<u>ഉത്തരവ്</u>**

നന്ദിയോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1161 (തിരുവനന്തപുരം) ന് സഹകരണ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ധനസഹായ പദ്ധതി പ്രകാരം , കോക്കനട്ട് കോപ്ലക്സിന്റെ വിപുലീകരണത്തിനും, നാളികേരത്തിൽ നിന്ന് വിവിധങ്ങളായ മൂല്യവർദ്ധിത വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് കയറ്റുമതി ചെയ്യുന്നതിനും പുതിയ ഔട്ട് ലെറ്റുകൾ നിർമ്മിക്കുന്നതിനുമായി സബ്സിഡി ഇനത്തിൽ 50.00 ലക്ഷം രൂപയും (2425-108-25) ഓഹരി ഇനത്തിൽ 50.00 ലക്ഷം രൂപയും (4425-108-23) ഉൾപ്പെടെ ആകെ 100.00ലക്ഷം രൂപ (നൂറ് ലക്ഷം രൂപ മാത്രം) 2024-25 സാമ്പത്തികവർഷത്തിൽ അനുവദിയ്ക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ തുക റിലീസ് ചെയ്യുന്നതിന് സാധിച്ചിരുന്നില്ല. പ്രസ്തുത തുക 2025-26 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) കത്തുകൾ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അപേക്ഷിച്ചിട്ടുണ്ട്.

**2.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നന്ദിയോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ **1161** (തിരുവനന്തപുരം) ന് സഹകരണ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ധനസഹായ പദ്ധതി പ്രകാരം , കോക്കനട്ട് കോംപ്ലക്സിന്റെ വിപുലീകരണത്തിനും, നാളികേരത്തിൽ നിന്ന് വിവിധങ്ങളായ മൂല്യവർദ്ധിത വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് കയറ്റുമതി ചെയ്യുന്നതിനും പുതിയ ഔട്ട് ലെറ്റുകൾ നിർമ്മിക്കുന്നതിനുമായി സബ്സിഡി ഇനത്തിൽ **50.00** ലക്ഷം രൂപയും (**2425-108-25** ) ഓഹരി ഇനത്തിൽ **50.00** ലക്ഷം രൂപയും (**4425-108-23**) ഉൾപ്പെടെ ആകെ **100.00**ലക്ഷം രൂപ (നൂറ് ലക്ഷം രൂപ മാത്രം) **2025-26** സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് ഭരണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/145/2025/ധന)

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി.(ബി3/165/2025/സഹ)

ഉത്തരവിൻ പ്രകാരം

Signed by
Priyanka T V
Date: 10-02-2026 14:45:18

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ.